## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1969 — 22.01.2014ൽ മറുപടിക്ക്

### പാലക്കാട് ജില്ലയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള ധനസഹായം യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പാലക്കാട് ജില്ലയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച എന്തു തുകയാണ് കുടിശ്ശികയായിട്ടുള്ളത്; | (എ) & (ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച തുക യഥാസമയം വിതരണം ചെയ്തു വരുന്നു. |
| (സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും ആറുമാസം മുമ്പ് അനുവദിച്ച തുക വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ആലത്തൂർ മണ്ഡലത്തിൽ നിന്നും 6 മാസം മുമ്പ് അനുവദിച്ച അലോട്ട്മെന്റ് പ്രകാരമുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) എന്തുകൊണ്ടാണ് അനുവദിച്ച തുക യഥാസമയം കൊടുത്തു തീർക്കുവാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കുമോ;<br>(ഇ) കാലതാമസം ഒഴിവാക്കി യഥാസമയം ധനസഹായം വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി)& (ഇ) ഗുണഭോക്താക്കളുടെ മേൽവിലാസം പൂർണ്ണമല്ലാത്ത കേസുകളിൽ കക്ഷികളെ കണ്ടെത്താൻ കാലതാമസം നേരിടുന്നതിനാൽ തുക വിതരണം ചെയ്യാൻ താമസം നേരിടാറുണ്ട്. ഇത് ഒഴിവാക്കി യഥാസമയം ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ